# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2251 18.06.2013- ൽ മറുപടിക്ക്

**കേരള സ്പിന്നേഴ്സിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ...പി.തിലോത്തമൻ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| കേരള സ്പിന്നേഴ്സിന്റെ പ്രവർത്തനം പുനരാരംഭിക്കാത്തത് എന്തുകാരണത്താലാണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | സർക്കാർ ഏറ്റെടുത്ത് കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ എന്ന് പുനർനാമകരണം ചെയ്ത് കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിൽ നടപ്പിലാക്കിയ സ്ഥാപനം ഇതുവരേയും വ്യവസായികാടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഈ സ്ഥാപനം വാണിജ്യാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതിന് നിയമപരമായി ലഭിക്കേണ്ട പഞ്ചായത്ത് മലിനീകരണ നിയന്ത്രണബോർഡ്, ഫയർ & സേഫ്റ്റി ഡിപ്പാർട്ടുമെന്റ് എന്നിവയുടെ അനുമതി ഇതുവരെ ലഭിച്ചിട്ടില്ല. കമ്പനി പ്രവർത്തിക്കുന്നതിനാവശ്യമായി വൈദ്യുതി, ജലം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടില്ല. കൂടാതെ 454.67 ലക്ഷം രൂപ പേമെന്റ് കമ്മീഷണർക്ക് നൽകാനുണ്ട്. ഏകദേശം 14 കോടിയോളം രൂപ യന്ത്ര സമഗ്രികൾക്കായി മുടക്കിയാൽ മാത്രമേ സ്പിന്നിംഗ് മിൽ പൂർണ്ണമായി പ്രവർത്തന സജ്ജമാക്കുവാൻ കഴിയുകയുള്ളൂ. ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ ബഹു.ഹൈക്കോടതിയിൽ നിലവിലുണ്ട്. പ്രസ്തുത കേസുകളിൽ അന്തിമവിധി വന്നതിന് ശേഷം മാത്രമേ ടി മില്ലിൽ നിയമനം നടത്തുവാൻ സാധിക്കുകയുള്ളൂ. | |
| ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് പറയാമോ? | | | |

സെക്ഷൻ ഓഫീസർ